പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 3274** **21.08.2017-ൽ മറുപടിയ്ക്ക്**

**<u>മോട്ടോർ വാഹന വകുപ്പിൽ എം.വി.ഐ., എ.എം.വി.ഐ. എന്നിവരുടെ നിയമനവും സ്ഥലംമാറ്റവും</u>**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. അടൂർ പ്രകാശ് | | ശ്രീ. തോമസ് ചാണ്ടി<br>(ഗതാഗത വകുപ്പ് മന്ത്രി) | |
| (എ) | മോട്ടോർ വാഹന വകുപ്പിൽ മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ (എം.വി.ഐ.), അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ (എ.എം.വി.ഐ) എന്നിവരെ നിയമിക്കുന്നതും ട്രാൻസ്ഫറും പോസ്റ്റിംഗും നടത്തുന്നതും നിലവിൽ ഏതെല്ലാം ചട്ടങ്ങളുടെയും ഉത്തരവുകളുടെയും അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ; | (എ) | മോട്ടോർ വാഹന വകുപ്പിൽ മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാരെ, കേരള ട്രാൻസ്പോർട്ട് സർവ്വീസ് സ്പെഷ്യൽ റൂൾസ് 1981-ലെ വ്യവസ്ഥകൾ പ്രകാരവും അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാരെ കേരള ട്രാൻസ്പോർട്ട് സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ് 2008-ലെ വ്യവസ്ഥകൾ പ്രകാരവുമാണ് നിയമിക്കുന്നത്. മോട്ടോർ വാഹന വകുപ്പിൽ മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ, അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ എന്നിവരുടെ സ്ഥലം മാറ്റങ്ങൾ നിലവിൽ 05-06-2012 –ലെ ജി.ഒ. (എം.എസ്) നമ്പർ 32/2012/ട്രാൻസ് നമ്പർ സർക്കാർ ഉത്തരവിലെ വ്യവസ്ഥകൾക്കനുസൃതമായാണ്. |
| (ബി) | നിലവിൽ ജില്ലാ, താലൂക്ക് ചെക്ക്പോസ്റ്റുകൾ, എൻഫോഴ്സ്മെന്റ് സ്ക്വാഡ് എന്നിവിടങ്ങളിൽ ഓരോ സ്ഥലത്തും എത്ര എ.എം.വി.ഐ-മാർ ജോലിചെയ്യുന്നുവെന്ന് | (ബി) | നിലവിൽ ജില്ലാ അടിസ്ഥാനത്തിലാണ് എ.എം.വി.ഐ-മാരെ ചെക്ക് പോസ്റ്റുകൾ, എൻഫോഴ്സ്മെന്റ് സ്ക്വാഡുകൾ എന്നിവിടങ്ങളിൽ നിയമിക്കുന്നത്. ഈ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന 19 ചെക്ക്പോസ്റ്റുകളിൽ, പാലക്കാട് ആർ. ടി. ഓഫീസിനു കീഴിൽ വരുന്ന വാളയാർ (ഇൻ), ഗോപാലപുരം എന്നീ ചെക്ക്പോസ്റ്റുകൾ |

| | | | |
|---|---|---|---|
| | ഓഫീസ് തിരിച്ച് വെളിപ്പെടുത്തുമോ; | | ഒഴികെ മറ്റെല്ലാ ചെക്ക്പോസ്റ്റിലും 3 എ.എം.വി.ഐ-മാരെ വീതമാണ് ഡ്യൂട്ടിക്ക് നിയോഗിക്കുന്നത്. വാളയാർ (ഇൻ) ചെക്ക്പോസ്റ്റിൽ 12 എ.എം.വി.ഐ-മാരേയും ഗോപാലപുരം ചെക്ക്പോസ്റ്റിൽ 6 എ.എം.വി.ഐ-മാരേയും നിയോഗിക്കുന്നു. വകുപ്പിനു കീഴിൽ 34 എൻഫോഴ്സ്മെന്റ് സ്ക്വാഡുകളുണ്ട്. ഓരോ സ്ക്വാഡിലും 2 എ.എം.വി.ഐ-മാർ വീതം ജോലി ചെയ്യുന്നു. |
| (സി) | ഈ വകുപ്പിൽ ജി.ഒ. (എംഎസ്) നം.32/2012/ട്രാൻസ്. തീയതി 5-6-2012 നമ്പർ ഉത്തരവിന് വിരുദ്ധമായി സ്ഥലംമാറ്റം നടത്തിയിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം ഉത്തരവുകളുടെ അടിസ്ഥാനത്തിലാണ് പ്രസ്തുത സ്ഥലംമാറ്റങ്ങൾ നടത്തിയത് എന്ന് വിശദീകരിക്കുമോ? | (സി) | മോട്ടോർ വാഹന വകുപ്പിലെ പൊതുസ്ഥലം മാറ്റങ്ങൾ 05-06-2012 –ലെ ജി.ഒ. (എം.എസ്) നമ്പർ 32/2012/ട്രാൻസ് ഉത്തരവിലെ വ്യവസ്ഥകൾക്കനുസൃതമായാണ് നടത്തുന്നത്. വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോ നൽകുന്ന ശുപാർശയുടെ അടിസ്ഥാനത്തിൽ വിജിലൻസ് വകുപ്പ് നൽകുന്ന നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിലും പൊതുതാത്പര്യം മുൻനിർത്തിയുള്ള സ്ഥലംമാറ്റങ്ങൾ നടത്താറുണ്ട്. |

സെക്ഷൻ ഓഫീസർ